കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ ചെയ്തു തീർക്കാനുള്ള ജോലിയുടെ മൂല്യത്തിന്റെ ½ ശതമാനം വീതം പ്രതിവാരം പിഴ ഈടാക്കാനും വ്യവസ്ഥയുണ്ട്.

(ഡി) പിഴ ഈടാക്കിയിട്ടില്ല. താമസം നേരിട്ടതിനുള്ള കാരണത്തെക്കുറിച്ച് പരിശോധിച്ചശേഷം തീരുമാനിക്കുന്നതാണ്.

(ഇ) ഉണ്ട്. നിശ്ചിതസമയത്തിനുള്ളിൽ പണി പൂർത്തിയാകാതിരുന്നതിനാൽ പ്രസ്തുത പദ്ധതി ലഭിക്കേണ്ടിയിരുന്ന വായ്പാ തുക ലഭ്യമാകാതെ വരുമെന്നുള്ളതുകൊണ്ട് 31-12-2000 വരെ കരാർ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെന്ന് ഇതു മൂലം ബോർഡിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുത്തക്ക വിധത്തിലുമാണ് കരാർ നീട്ടികൊടുത്തിട്ടുള്ളതെന്നുമാണ് ബോർഡ് അറിയിച്ചിട്ടുള്ളത്.

(എഫ്) പദ്ധതി പൂർത്തീകരണത്തിനുശേഷമേ നഷ്ടമുണ്ടായിട്ടുണ്ടോ ഇല്ലയോ എന്ന് കണക്കാക്കാനാവുകയുള്ളു.

സാഹസിക അക്കാഡമിയുടെ പ്രവർത്തനം

12 (*192) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിൽ സാഹസിക അക്കാഡമിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) ഈ അക്കാഡമി പ്രവർത്തനം ആരംഭിച്ച ശേഷം എത്ര യുവതീയുവാക്കൾക്ക് സാഹസിക പരിപാടികളിൽ പരിശീലനം നൽകിയിട്ടുണ്ട് ;

(ഡി) ഏതെല്ലാം ഇനങ്ങളിൽ എത്ര പേർക്ക് വീതമാണ് പരിശീലനം നൽകിയത് ;

(ഇ) അക്കാഡമിയിൽ പ്രവേശനം ലഭിക്കുന്ന യുവതീ യുവാക്കൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് സർക്കാർ നൽകുന്നത് ;

(എഫ്) ഈ അക്കാഡമിയിലേക്ക് യുവതീ യുവാക്കളെ എങ്ങനെയാണ് തെരഞ്ഞെടുക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) കെട്ടിടം പണി, ആഫീസ് സജ്ജീകരണം ഉപകരണങ്ങൾ വാങ്ങുന്നതിന് ട്രെയിനിംഗ് മുതലായവയ്ക്കായി ഇതുവരെ 12 ലക്ഷം രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 535 യുവതീ യുവാക്കൾക്ക്

(ഡി)

1.	ട്രെക്കിംഗ്	-	198 പേർക്ക്
2.	പാരാഗ്ലൈയിഡിംഗ്	-	54 പേർക്ക്
3.	റോക്ക് ക്ലൈംപിക്ക്	-	90 പേർക്ക്
4.	ടോ എലോംഗ് ഓപ്പറേഷൻ	-	50 പേർക്ക്
5.	പെരസ്ട്രിയൽ സ്പോർട്സ്	-	56 പേർക്ക്
6.	എയ്റോ സ്പോർട്സ്	-	21 പേർക്ക്
7.	എക്സ്പ്ലോഷൻ	-	16 പേർക്ക്
8.	വാട്ടർ സ്പോർട്സ്	-	50 പേർക്ക്

(ഇ) സൗജന്യ വിദഗ്ദ്ധ പരിശീലനം സൗജന്യ ഭക്ഷണം താമസസൗകര്യം, വിദഗ്ദ്ധ വൈദ്യസഹായം, മെഡിക്കൽ ഇൻഷ്വറൻസ് എന്നിവയാണ് നൽകുന്നത്.

(എഫ്) സാഹസിക പരിപാടിയിലുള്ള താൽപ്പര്യം പൂർണ്ണമായ ആരോഗ്യം എന്നിവ കണക്കിലെടുത്താണ് തെരഞ്ഞടുക്കുന്നത്. ഫിസിക്സ്, കണക്ക് എന്നീ വിഷയങ്ങൾ പഠിച്ചവർക്ക് മുൻഗണനയുമുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പുരോഗതി വിലയിരുത്തുന്നതിനുള്ള സംവിധാനം

13(*193) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. സി. പി. ബാലൻവൈദ്യർ :
ശ്രീമതി. ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമം മുൻനിർത്തി നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും കുറവുകൾ നീക്കുന്നതിനും എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ക്ഷേമ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് ജില്ലാതലത്തിൽ ഉദ്യോഗസ്ഥരുടെ യോഗം ചേരാറുണ്ടോ ; എങ്കിൽ പ്രസ്തുത യോഗങ്ങൾ ഓരോ വർഷവും എത്ര തവണ ചേരണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly